**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5307** **15-03-2023 - ൽ മറുപടിയ്ക്ക്**

**തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടി മാറ്റി ഉല്പാദനക്ഷമതയുള്ള തൈകൾ നടാനുള്ള പദ്ധതി ആവിഷ്കരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (എ) | സംസ്ഥാനത്ത് തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടി മാറ്റി ഉല്പാദനക്ഷമതയുള്ള തൈകൾ നടാനുള്ള പദ്ധതി 'കേരഗ്രാമം' ഘടകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽ കേടുവന്നതും, പ്രായാധിക്യം മൂലം കായ്ഫലം കുറഞ്ഞതുമായ തെങ്ങുകൾ മുറിച്ച് മാറ്റി നല്ലയിനം തെങ്ങിൻതൈകൾ വെച്ചുപിടിപ്പിക്കുന്നു. ഇതിനായി തെങ്ങു മുറിച്ചു മാറ്റുന്നതിനു 1000 രൂപയും പുതിയ തൈകൾ നടുന്നതിനു 60 രൂപയും സബ്സിഡിയിനത്തിൽ നൽകുന്നു. കൂടാതെ നാളികേര വികസന ബോർഡിന്റെ പദ്ധതിയായ 'റീപ്ലാന്റിംഗ് ആൻഡ് റെജുവിനേഷൻ, എന്ന പദ്ധതിയിലും തെങ്ങു മുറിച്ച് മാറ്റുന്നതിന് ആയിരം രൂപയും പുതിയവ നടുന്നതിന് 40 രൂപയും നൽകുന്നു. 2022-23 വർഷത്തിൽ 450 ഹെക്ടർ തെങ്ങിൻ പ്രദേശത്തേക്ക് നാളികേര വികസന ബോർഡിന്റെ പദ്ധതിയിൽ നിന്നും ആനുകൂല്യം ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ